# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 17 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

# സർക്കാർ വകുപ്പുകളുടെ ഏകോപനം: പരാതികൾ ഇല്ലാതെ മകരവിളക്ക്

അഭൂതപൂർവമായ തിരക്ക് അനുഭവപ്പെട്ടിട്ടും ഇക്കൊല്ലത്തെ മകരവിളക്ക് പരാതികളില്ലാതെ കഴിഞ്ഞത് സർക്കാർ വകുപ്പുകളുടെ ഏകോപനത്തിന്റെ വിജയമായി. പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ പൊലീസ് വകുപ്പ്  ജാഗ്രത പാലിച്ചു. ലക്ഷക്കണക്കിനുള്ള തീർഥാടകരെ നിയന്ത്രിച്ച് സുരക്ഷിതമായ ദർശനം നടത്തി മടങ്ങിപ്പോകുന്ന വിധത്തിലായിരുന്നു പൊലീസ് സംവിധാനം.

ഐ ജി - എസ് ശ്രീജിത് മകരവിളക്കിന് ദിവസങ്ങൾക്ക് മുന്നേ സന്നിധാനത്ത് ക്യാമ്പ് ചെയ്താണ് നേതൃത്വം നൽകിയത്. പൊലീസിനൊപ്പം കേന്ദ്രദ്രുതകർമ സേനാ ഡെപ്യൂട്ടി കമാണ്ടന്റ് ജി ദിനേശ്, ദുരന്തനിവാരണസേന ഡെപ്യൂട്ടി കമാണ്ടന്റ് ജി വിജയൻ എന്നിവരും സുരക്ഷാ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു. തിരക്കുള്ള ഭാഗങ്ങളിൽ ബാരിക്കേഡ് ഉയർത്തിയാണ് തീർഥാടകരെ ഘട്ടം ഘട്ടമായി വടക്കേ നടയിലൂടെയും ഭണ്ഡാരം നടയിലൂടെയും കടത്തിവിട്ടത്. സന്നിധാനത്ത് 1550, പമ്പയിൽ 2000, പുല്ലുമേട്ടിൽ 1285 പൊലീസുകാരേയും വിന്യസിച്ചിരുന്നു. വനംവകുപ്പ്, അഗ്നിശമന സേനാ വിഭാഗങ്ങളുടെയും സേവനവും നിസ്തുലമായിരുന്നു.

കെ എസ് ഇ ബി വൈദ്യുതി തടസ്സമില്ലാതെ മകരവിളക്ക് കാലത്ത് പ്രവർത്തിച്ചു. വാട്ടർ അതോറിറ്റി മുടങ്ങാതെ ജലവിതരണം നടത്തിയതും ആശ്വാസമായി. മോട്ടോർവാഹന വകുപ്പിന്റെ സേഫ്സോൺ പദ്ധതിയുടെ വിജയവും തീർഥാടന പാതയെ അപകട രഹിതമാക്കി. വാഹനാപകടം മൂലമുള്ള ഒരു മരണംപോലും ഇത്തവണ ഉണ്ടായില്ല. തീർഥാടകരുടെ വാഹനങ്ങൾക്ക് അപകടമോ കേടുപാടുകളോ സംഭവിച്ചാൽ സേഫ് സോൺ പ്രവർത്തകർ സ്ഥലത്തെത്തി അടിയന്തര സഹായം ലഭ്യമാക്കിയിരുന്നു. പമ്പ കെ എസ് ആർ ടി സി ഡിപ്പോയിൽ നിന്നും മാത്രമായി 950 ബസുകളും പ്ലാപ്പള്ളിയിൽ 250 ബസുകൾ, എരുമേലി പത്തനംതിട്ട, ചെങ്ങന്നൂർ, കോട്ടയം എന്നിവിടങ്ങലിലായി 500 ഓളം കെ എസ് ആർ ടി സി ബസുകളും സർവീസ് നടത്തി. പമ്പ മുതൽ സന്നിധാനം വരെ ആരോഗ്യ വകുപ്പ് ഒരുക്കിയ അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങൾ അയ്യപ്പൻമാർക്ക് ആശ്വാസമായി. മകരളവിളക്ക് ദിവസം സന്നിധാനത്ത് ഹൃദയാഘാതം ഉണ്ടായ പൊലീസ് ഉദ്യോഗസ്ഥന് അടിയന്തര ചികിത്സനൽകി ജീവൻ രക്ഷിക്കാൻ സാധിച്ചു.

**(പി.ആർ. ശബരി-370)**

## സന്നിധാനത്ത് ഭക്തജനത്തിരക്ക്; ദർശനം 20 വരെ മാത്രം നെയ്യഭിഷേകം 19ന് അവസാനിക്കും

മകരവിളക്കിന് ശേഷവും സന്നിധാനത്തേക്ക് ഭക്തജനതിരക്ക് വർധിച്ചു. ഇന്നലെ പുലർച്ചെ നടതുറക്കുമ്പോഴും തീർഥാടകരുടെ ക്യൂ നടപ്പന്തൽ പിന്നിട്ടിരുന്നു. പൊങ്കൽ ആഘോഷത്തിന് ശേഷം തമിഴ്നാട്ടിൽ നിന്നുള്ള ഭക്തരുടെ ഗണ്യമായ വർധനവാണ് അനുഭവപ്പെടുന്നത്. ആന്ധ്രാ, കർണാടക സംസ്ഥാനങ്ങളിലെ അയ്യപ്പൻമാരും ദർശനത്തിന് എത്തുന്നുണ്ട്. ജനുവരി 20ന് ഹരിവരാസനം ചൊല്ലി നടയടക്കുന്നതോടെ മണ്ഡല-മകരവിളക്ക് കാലത്തെ ഭക്തർക്കായുള്ള ദർശനം അവസാനിക്കും. 21 ന് രാവിലെ പന്തളം രാജ പ്രതിനിധിക്ക് മാത്രമാണ് ദർശനം. 19ന് രാവിലെ 9.30 ഓട് കൂടി നെയ്യഭിഷേകം അവസാനിക്കും. തുടർന്ന് കളഭാഭിഷേകം നടക്കും.

**(പി.ആർ. ശബരി-371)**

## സന്നിധാനം ആശുപത്രിയിൽ ചികിത്സതേടിയത് 79,974 പേർ

സന്നിധാനത്ത് മകരവിളക്ക് വരെ 79,974 പേർ ചികിത്സ തേടി. പാമ്പുകടിയേറ്റ രണ്ടുപേരാണ് ആശുപത്രിയിലെത്തിയത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇവിടെ 110 ഓളം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമായി. ഇ

തിൽ കാർഡിയാക്, ഓർത്തോ, പീഡിയാട്രിക്, സർജറി, അനസ്തേഷ്യ തുടങ്ങിയ സ്പെഷ്യാലിറ്റികൾ
ഉൾപ്പെടുന്നു. അഞ്ച് ബാച്ചുകളിലായി 30 സ്റ്റാഫ് നഴ്സുമാർ, 15 ഫാർമസിസ്റ്റുകൾ, 10 ലാബ് ടെക്നീഷ്യൻമാർ തുടങ്ങിയവരുടെ സേവനവും ലഭ്യമായി. ജീവൻ രക്ഷാ മരുന്നുകൾ, ഓപ്പറേഷൻ തീയറ്റർ, വെന്റിലേറ്റർ അടക്കമുള്ള അത്യാധുനിക സംവിധാനങ്ങൾ എന്നിവയും ആശുപത്രിയുടെ ഭാഗമായി.

ആയുർവേദ ആശുപത്രിയിൽ 59,813 പേരാണ് ചികിത്സ തേടിയത്. അഞ്ച് ഡോക്ടർമാരും മൂന്ന് ഫാർമസിസ്റ്റുകളുടെയും സേവനം ദിവസം മുഴുവൻ ലഭിക്കുന്ന രീതിയിലായിരുന്നു ആശുപത്രിയുടെ പ്രവർത്തനം. പേശീവേദന, സന്ധിവേദന, വീണും മറ്റും ഉണ്ടാകുന്ന ക്ഷതങ്ങൾ, ജലദോഷം, കഫക്കെട്ട്, ചുമ എന്നിവയുടെ ചികിത്സക്കായിരുന്നു കൂടുതൽ അയ്യപ്പൻമാർ ആയുർവേദത്തെ ആശ്രയിച്ചിരുന്നത്. ആന്ധ്രാപ്രദേശിലെ അയ്യപ്പൻമാരാണ് പ്രധാനമായും ആയുർവേദ ചികിത്സ തിരഞ്ഞെടുത്തത്.

ഹോമിയോ ആശുപത്രിയിൽ ഇതുവരെ 7500 പേർ ചികിത്സ തേടി. 6000 ൽ അധികം പേർക്ക് ചിക്കൻ പോക്സ് പ്രതിരോധ മരുന്ന് വിതരണം ചെയ്തു. മുട്ടുവേദന, നടുവേദന, ശരീര വേദന തുടങ്ങിയവയ്ക്കാണ് കൂടുതൽ അയ്യപ്പൻമാർ ഹോമിയോ ചികിത്സ തിരഞ്ഞെടുത്തത്. ഹോമിയോ ആശുപത്രിയിൽ എത്തിയവരിൽ ആന്ധ്രയിൽ നിന്നുള്ള അയ്യപ്പൻമാരായിരുന്നു അധികവും.

**(പി.ആർ. ശബരി-372)**

# പ്രതിരോധ മരുന്നുകളുമായി ഹോമിയോ ആശുപത്രികൾ

ചിക്കൻപോക്സ് അടക്കമുള്ള സാംക്രമിക രോഗങ്ങൾക്ക് പ്രതിരോധ മരുന്നുമായി ഹോമിയോ ആശുപത്രി സന്നിധാനത്ത് സജീവമാണ്. ചീഫ് മെഡിക്കൽ ഓഫീസർ ഡോ മോഹൻദാസ്, മെഡിക്കൽ ഓഫീസർ ഡോ സിബി രവീന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ 14 അംഗ മെഡിക്കൽ സംഘം സന്നിധാനത്തും പമ്പയിലും ക്യാമ്പ് ചെയ്യുന്നുണ്ട്. കാല് വേദന, നടുവേദന, പനി, ജലദോഷം, തൊണ്ടവേദന, ചുമ, അലർജി തുടങ്ങി കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലമുള്ള രോഗങ്ങൾക്കും ഹോമിയോ ചികിത്സ ലഭ്യമാണ്.

**(പി.ആർ. ശബരി-373)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.